ഉദ്ദേശ്യത്തോടുകൂടിയാണ് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുള്ളത്. ഇത് ഒരു റബ്ബർ സംഭരണ പദ്ധതിയല്ല. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ ഇതുവരെ 347342 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 17-2-2016 വരെ 472472 സെയിൽസ് ബില്ലുകളിലായി 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

ധനകാര്യ പരിശോധനാ വിഭാഗത്തിലെ നിയമനം

61 (3165) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് മിനിമം സേവന കാലയളവ് എത്രയാണ്; എന്തിന്റെ അടിസ്ഥാനത്തിലാണ് ധനകാര്യ പരിശോധനാ വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് മിനിമം സേവന കാലയളവ് നിശ്ചയിച്ചിട്ടില്ല. ധനകാര്യ പരിശോധനാ വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഇല്ല.

ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം

62 (3166) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിയമിക്കപ്പെടുന്നതിനായി ജീവനക്കാരുടെ മിനിമം സേവന കാലയളവ് എത്രയെന്നറിയിക്കുമോ; നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് നിശ്ചിത സേവന കാലയളവ് പൂർത്തിയാക്കണമെന്ന് മുൻകാലങ്ങളിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനത്തിന് വിപരീതമായി പ്രസ്തുത വിഭാഗത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇങ്ങനെ ജീവനക്കാരെ നിയമിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഭാവിയിൽ ഇത്തരം നിയമനങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ധനകാര്യ പരിശോധനാ വിഭാഗം തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ അംഗീകാരം നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ മാസങ്ങളോളം . കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് അംഗീകരിക്കുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) റിപ്പോർട്ടുകൾ അംഗീകരിക്കാൻ കാലതാമസം വന്നതുകാരണം ശിക്ഷാ നടപടികൾക്ക് വിധേയരാവേണ്ട ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള എത്ര കേസ്സുകൾ 2014-15 മുതൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് മിനിമം സേവന കാലയളവ് ഇല്ല. നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് നിശ്ചിത സേവന കാലയളവ് പൂർത്തിയാക്കണമെന്ന് മുൻകാലങ്ങളിൽ തീരുമാനമെടുത്തിട്ടില്ല. ആയതിനാൽ നിശ്ചിത കാലയളവ് പൂർത്തിയാക്കണമെന്ന തീരുമാനത്തിന് വിപരീതമായി ധനകാര്യ പരിശോധനാ വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല.

(സി) ധനകാര്യ പരിശോധനാ വിഭാഗം തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ അംഗീകാരം നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ മാസങ്ങളോളം കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റിപ്പോർട്ടുകൾ അംഗീകരിക്കാൻ കാലതാമസം വരാത്തതിനാൽ ആരുംതന്നെ ശിക്ഷാ നടപടികൾക്ക് വിധേയരായിട്ടില്ല.

കാരുണ്യ ബെനവലന്റ് ഫണ്ട്

63 (3167) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സയ്ക്ക് ചെലവായ തുക കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നുള്ള സഹായത്തിനായി അപേക്ഷിച്ചവരിൽ ഏതു മാസം വരെയുള്ള രോഗികൾക്കാണ് റീഫണ്ട് നൽകിയത്; വിശദാംശം നൽകുമോ;

(ബി) മംഗലാപുരം ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly